# കപ്പൽ

ബോബൻ കൊള്ളന്നൂർ

വിദൂരമായ ജന്മദേശം ഉപേക്ഷിച്ച്
അപരിചിതങ്ങളായ തീരങ്ങളിൽ
ഭാരം കയറ്റിയും ഇറക്കിയും
വെള്ളത്തിന്റെ സുഖകരമായ
ആലിംഗനത്തിൽ ആറാടി
നീലത്തിരമാലകളുടെ
നൃത്തത്തിനൊപ്പം ആടിയുലഞ്ഞ്
കൊടുങ്കാറ്റിലും
ശാന്തിയും സമാധാനവും നേർന്ന്
ആകാശത്തിന്റെ ഉയരത്തിലേക്ക്
സ്വപ്നവും
കടലിന്റെ ആഴത്തിലേക്ക്
കണ്ണീരും ചേർത്ത്
കപ്പൽ അലയുന്നു.
    വിദൂരമായ തുറമുഖങ്ങളിൽ
    പുലരി തുടുത്തുവിരിയുന്നതു കാണാൻ
    കപ്പൽ യാത്ര തുടരുന്നു
    തുറമുഖങ്ങളെ ചുംബിക്കാനായ്
    കപ്പൽ യാത്ര തുടരുന്നു.*
കടലിന്റെ അഗാധതയും
കാറ്റിന്റെ വേഗതയും
കപ്പൽ അറിയുന്നു
കടലോളം വേദനതിന്ന്
സമുദ്രത്തിന്റെ നീലിമ മുഴുവൻ
മനസ്സിലേയ്ക്കാവാഹിച്ച്
കരയ്ക്കും തിരയ്ക്കുമിടയിൽ
കപ്പൽ ഉലയുന്നു.
കീറിമുറിച്ച കടൽത്തിരകൾ
അടക്കിപ്പിടിച്ച തേങ്ങലുമായ്
കപ്പലിനെ പിൻതുടരുന്നു.
    രാത്രിയുടെ തുറമുഖത്ത്
    നഗ്നമായ ഹാച്ചുകളുമായ്
    പ്രതിരോധമില്ലാതെ ദുർബലമായി
    കപ്പൽ ഒറ്റയ്ക്കുനിൽക്കുന്നു.
ഈ ഭൂമിയിലെ ഭാരം
താങ്ങാവുന്നതിലധികം
കടലിന്റെ ദുഃഖങ്ങൾ
സഹനസീമയ്ക്കപ്പുറം
ഭൂതകാലത്തിന്റെ മടിത്തട്ടിൽ
ശാന്തമായുറങ്ങാൻ
കപ്പലിനു കഴിയുന്നില്ല.

*"കപ്പൽ നിർമ്മിച്ചിരിക്കുന്നത് തുറമുഖത്ത് സുഖമായി കിടക്കാനല്ല" എന്ന മാനേജ്മെന്റ് വാക്യം ഓർക്കുക.